കൊച്ചി കപ്പൽനിർമ്മാണകേന്ദ്രം

* 89. [263] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ സാധ്യതയുണ്ടോ ;

(ബി) തൽസംബന്ധമായി കഴിഞ്ഞ ആറു മാസത്തിനുള്ളിൽ കേന്ദ്രവുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇതേപ്പറ്റി ഗവണ്മെൻറിനു് വിവരമൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

ഫണ്ടിന്റെ അലോട്ട്മെൻറ്

* 90. [264] ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. മെയിൻറനൻസിലിരിക്കുന്ന റോഡുകളുടെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ റോഡു് മെയിൻറനൻസിനുള്ള ഫണ്ടു് ഓരോ ഡിവിഷനും അലോട്ടു ചെയ്യുക എന്നുള്ളതാണോ ഗവണ്മെൻറിന്റെ നയം, അല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ;

(ബി) ഈയാണ്ടിലെങ്കിലും ഈ അടിസ്ഥാനത്തിൽ ഫണ്ടു് അലോട്ടു് ചെയ്യാൻ ദയവുണ്ടാകുമോ ;

(സി) ടാർക്രീറ്റു് ചെയ്യാത്തതും പി. ഡബ്ലിയു. ഡി. മെയിൻറനൻസിൽ ഇരിക്കുന്നതുമായ റോഡുകളും വളരെയധികമുള്ള ഡിവിഷനുകൾക്കു് ടാർക്രീറ്റിംഗ് കൂടുതലായി നടത്താൻ സ്പെഷ്യൽ അലോട്ടുമെൻറു് നടത്താൻ ദയവുണ്ടാകുമോ ? ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

പൊതുമരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ, ബി) ദൈർഘ്യം മാത്രമല്ല, ഗതാഗതബാഹുല്യം, പ്രാധാന്യം മുതലായ വസ്തുതകൾകൂടി കണക്കിലെടുത്താണു് റോഡുകൾക്കു് മെയിൻറനൻസു് ഗ്രാൻറു് അനുവദിക്കുന്നതു്.

(സി) ടാർക്രീറ്റിംഗ് മെയിൻറനൻസു് ജോലിയിൽപെടുന്നതല്ല, ഒറിജിനൽ വർക്കാണു്. അതുകൊണ്ടു് ടാർക്രീറ്റു് ചെയ്യാത്ത റോഡുകൾക്കു് അത്തരം പണി ചെയ്യുന്നതിനു് ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിക്കേണ്ടതാണു്.

ധാതുമണൽനിക്ഷേപം

* 91. [267] ശ്രീ. ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്തുള്ള ധാതുമണൽ നിക്ഷേപമാകെ കേന്ദ്രഗവണ്മെൻറിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള വല്ല നീക്കങ്ങളുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റിയുള്ള സംസ്ഥാനഗവണ്മെൻറിന്റെ നിലപാടെന്താണെന്നു് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) അറിവില്ല.

(ബി) ഉദിക്കുന്നില്ല.

താണവരുമാനക്കാരായ ഗവണ്മെൻറ് ജീവനക്കാരുടെ പാർപ്പിട സൗകര്യം

* 92. [268] ശ്രീ. വി. ശ്രീധരൻ :

,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താണവരുമാനക്കാരായ ഗവണ്മെൻറ് ജീവനക്കാക്ക് തിരുവനന്തപുരം നഗരത്തിൽ അഭിമുഖീകരിക്കുന്ന ഗുരുതരമായ പാർപ്പിടസൗകര്യപ്രശ്നം പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം നഗരത്തിലെ വാടക നിയന്ത്രിക്കുന്നതിനും താണവരുമാനക്കാരായ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് സമാശ്വാസം നൽകാനും ഈ പദ്ധതിമൂലം സാദ്ധ്യമാവുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഈ പ്രശ്നം ഗവണ്മെൻറ് സത്വരമായി പരിഗണിക്കുമോ ;

(സി) ഇത്തരം പദ്ധതികൾക്ക് ഒരു രൂപം നൽകുമ്പോൾ സേവനകാലം മുഴുവൻ തിരുവനന്തപുരം നഗരത്തിൽതന്നെ കഴിയേണ്ടിവരുന്ന വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ മുൻഗണന നൽകുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) തിരുവനന്തപുരത്ത് ഇപ്പോൾ ഗവണ്മെൻറ് ജീവനക്കാരുടേതായ 221 കുടുംബങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരമുൾപ്പെടെ സംസ്ഥാനത്തെ പ്രധാനപട്ടണങ്ങളിൽ ഗവണ്മെൻറ് ജീവനക്കാക്ക് അത്യാവശ്യമായ പാർപ്പിടസൗകര്യം ഉണ്ടാക്കാനുള്ള പരിപാടി പരിഗണനയിലുണ്ട്.

(ബി) സാമ്പത്തിക സ്ഥിതി അനുവദിക്കുന്നതനുസരിച്ച് പ്രസ്തുത പരിപാടി നടപ്പാക്കി വരുന്നു. തിരുവനന്തപുരത്ത് വനിത എൻ. ജി. ഒ. മാക്കുള്ള ഒരു ഹോസ്റ്റലിൻെറ പണിയും ഇക്കൊല്ലം തന്നെ തുടങ്ങാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഗവണ്മെൻറ് ജീവനക്കാക്ക് കോർട്ടേഴ്സ് അലോട്ട് ചെയ്യുന്നതിനുള്ള ചട്ടം ഗവണ്മെൻറ് ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് കോർട്ടേഴ്സ് അലോട്ട് ചെയ്യുന്നത്.

Subordinate Officers of the P. W. D.

*93 (269) **Shri U. P. Kunikullaya** : Will the P. W. D. Minister be pleased to state:

(a) Is it true that the Chief Engineer P. W. D. has sent a circular to the subordinate officers of the P. W. D. not to undertake any new work in connection with the development of village roads

(b) If so, what is the reason ;

(c) Are the Government aware that the village roads taken over by P. W. D. are in neglected condition;

LIBRARY ARCHIVES Kerala Legislative Assembly